# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.26/2266/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.26/2266/2021 തീയ്യതി: 18/03/2022

## മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2020 മുതൽ 19-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.അമീൻ ഫൈസൽ.ടി.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
6. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നസീമ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.മൈക്കിൾ.സി | സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി.സൂര്യകുമാരി.എസ് | സെക്രട്ടറി | 23-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജശ്രീ.ജെ | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ.ടോമി ജോസഫ് | അസി.സെക്രട്ടറി | 23-07-2019 | 31-03-2020 |
| ഡോ.മുനീർ.എം | മെഡിക്കൽ ഓഫീസർ (എഫ് .എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ആയിഷ ഹുസ്ന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 02-06-2019 |
| ഡോ.ഷമി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-06-2019 | 31-03-2020 |
| ഡോ.ഗീത.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ഫാസില | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.കെ..പി.അൻവർ | വെറ്ററിനറി സർജൻ | 01-04-2019 | 15-09-2019 |
| ഡോ.ജംഷീർ.പി | വെറ്ററിനറി സർജൻ | 16-09-2019 | 31-03-2020 |
| ശ്രീ.ജയപ്രകാശ്.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സൂസമ്മ തോമസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 28-08-2019 |
| ശ്രീമതി.ലൈല.ടി.ബി | ഹെഡ്മാസ്റ്റർ | 29-08-2019 | 31-03-2020 |
| ശ്രീ.അനോജ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 22-07-2019 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 23-07-2019 | 26-07-2019 |
| ശ്രീമതി.ആബിദ | അസിസ്റ്റന്റ് എഞ്ചിനിയർ | 27-07-2019 | 05-09-2019 |
| ശ്രീമതി.താജുന്നീസ ബീവി.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 06-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ദിവ്യ.ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം).<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 31-12-2021)<br>Last Updated By: Sujatha M (Auditor, On 31-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Ramakrishnan.T (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-12-2021) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-12-2021) | 1-11 |
| 12 | ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-12-2021) | 1-11-1 |
| 13 | കെട്ടിടനിർമ്മാണ പെർമിറ്റ് - ക്രമവത്കരണത്തിനുള്ള ഫീസ് കുറവായി ഈടാക്കി<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-12 |
| 14 | ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-13 |
| 15 | ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 30-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 31-12-2021) | 1-14 |
| 16 | Extra ഇനത്തിന് അധിക നിരക്ക് നൽകി; 11950 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-15 |

| | | |
|---|---|---|
| 17 | Quoted നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് നൽകി; 18054 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 01-01-2022) | 1-16 |
| 18 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 05-01-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 05-01-2022) | 1-17 |
| 19 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് അധികസൗകര്യം 187/20<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-17- 1 |
| 20 | പ്രവൃത്തി: ബഡ്സ് സ്കൂൾ നിർമാണം, 191/20.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-17-2 |
| 21 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-18 |
| 22 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 19-02-2022) | 1-19 |
| 23 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 01-01-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | Extra ഇനത്തിന് അധിക നിരക്ക് നൽകി; 11950 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 21-02-2022) | 3-1 |
| 2 | Quoted നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് നൽകി; 18054 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-01-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 01-01-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 23-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 20-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 23-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 24-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 24-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-12-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 24-12-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 21-02-2022) | |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 24-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 24-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 27-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 27-12-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 27-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 27-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rasheed V (Senior Grade Auditor, On 27-12-2021)<br>Last Updated By: Unni.P (Deputy Director, On 21-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Rasheed V (Senior Grade Auditor, On 27-12-2021)<br>Last Updated By: Unni.P (Deputy Director, On 21-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 13.02.2019 | 3(1) - 02.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 07.05.2020 | ... | ..... |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 27018681 |
| വരവ് | 66815291 |
| ആകെ | 93833972 |
| ചെലവ് | 66919965 |
| നീക്കിയിരിപ്പ് | 26914007 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം).

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19069000 | 19069000 | 15073017 | 3995983 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7548810 | 7548810 | 4458886 | 3089924 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1593222 | 1593222 | 632509 | 960713 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5901000 | 5901000 | 2262891 | 3638109 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5316000 | 5316000 | 1984220 | 3331780 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14004452 | 14004452 | 8976096 | 5028356 |
| ബി ഫണ്ട് | 0 | 14594700 | 14594700 | 14594700 | 0 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 91073514 | 140 | 53225472 | 2 | 108 | 56% |

### 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7908 | 763019 | 770927 | 227506 | 543421 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 13017417 | 13017417 | 13017417 | 0 |
| സംസ്ഥാന ഫണ്ട് | 0 | 31000 | 31000 | 31000 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 115200 | 124 |
| കർഷകതൊഴിലാളി പെൻഷൻ | 388800 | 118 |
| വിധവാപെൻഷൻ | 5661000 | 1505 |
| വാർദ്ധക്യകാലപെൻഷൻ | 6386400 | 1919 |
| വികലാംഗപെൻഷൻ | 1653300 | 479 |
| വിവാഹധനസഹായം | 210000 | 21 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള ധനസഹായം | 180000 | 49 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5,365/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നമില്ല.
ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 | 01.09.2021 മുതൽ 31.10.2021 വരെ | 22.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 മുതൽ 02.01.2014 വരെ | 2008 -2009 മുതൽ 2012-13 വരെ | 05.02.2014 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വസ്തു നികുതി ഇനത്തിൽ താഴെ പറയും പ്രകാരം തുക വ്യത്യാസം

| വാർഷിക കണക്ക് പ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക |
|---|---|
| ഡിമാന്റ് - 28,04,253<br>കളക്ഷൻ | ഡിമാന്റ് - 28,04,253<br>കളക്ഷൻ - 27,27,039 |

| | |
|---|---|
| അഡ്വാൻസ് - 6,04,186<br>തൻവർഷം - 27,23,407<br>ആകെ - 33,27,593 | |
| ബാലൻസ് - 49,353 | ബാലൻസ് - 46,875 |

തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2)ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക വാർഷിക കണക്ക് പ്രകാരം 7,35,055 രൂപയും , യഥാർത്ഥത്തിൽ ലഭ്യമായ തുക 10,85,986 രൂപയുമാണ്. 3,50,931 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4- ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

4)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)താഴെ പറയുന്ന ഇനങ്ങളിൽ എ സി ആർ ,വാർഷികകണക്ക് എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തമില്ല. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

| ഇനം | വാർഷിക കണക്ക് പ്രകാരം തുക | എ സി ആർ പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| എസ് സി പി | 43,64,361 | 44,58,886 | 94,525 |
| സി എഫ് സി | 89,26,451 | 89,76,096 | 49,645 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം ) | 22,48,541 | 22,62,891 | 14,350 |

6)ലോൺ രജിസ്ററർ പ്രകാരം തൻവർഷ നീക്കിയിരിപ്പ് 1,05,98,657 രൂപ .എന്നാൽ വാർഷികകണക്കിൽ ആയത് 1,61,99,833 രൂപ .56,01,176 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .9/29.12.21)

## 1-11-1 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ വികസന ഫണ്ട് ജനറൽ ഇനത്തിൽ മൊത്തം ചെലവ് 1,63,23,017 രൂപയും,ആയത് വാർഷിക കണക്ക് പ്രകാരം 1,50,73,017 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.12,50,000 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല

## 1-12 കെട്ടിടനിർമ്മാണ പെർമിറ്റ് - ക്രമവത്കരണത്തിനുള്ള ഫീസ് കുറവായി ഈടാക്കി

2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ ക്രമവത്ക്കരണ അപേക്ഷകളിൻമേൽ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ/ തിയ്യതി | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ.മുഹമ്മദ് മുക്കമ്മൽ | A5-5378/19 തീ. 06.11.2019 | 134 (കോഴി ഫാം) | 134x10= 1340 | 134 X 5 = 670 (119070103083/17.01.20) | 670 |
| 2 | ശ്രീ.അബ്ദുൾ ലത്തീഫ് | B3-2776/19 തീ. 24.06.2019 | 499.17 (അസംബ്ലി) | 499.17 X 10 = 4992 | 499 X 5 = 2495 (119070102998/03.01.20) | 2497 |
| | ആകെ | | | 6332 | 3165 | 3167 |

റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 3167/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ ആവശ്യപ്പെട്ട് 12/29-12-2021 നമ്പർ എൻക്വയറി നൽകിയതിനെ തുടർന്ന് ക്രമ നം. 1 പ്രകാരം ഈടാക്കിയതിൽ കുറവ് വന്ന 670/- രൂപ 121070102408/30.12.2021 രശീതി പ്രകാരം അടവാക്കി. ഈടാക്കാൻ അവശേഷിക്കുന്ന 2497 രൂപ കൂടി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കിയില്ല.

കില ഡയറക്ടറുടെ 25.1.2020 ലെ കില/2020/101/500/HQ കത്ത് പ്രകാരം ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനുള്ള നാലാംഘട്ട പരിശീലനത്തിനു വേണ്ടിവരുന്ന ചെലവ് ഒരു ആൾക്ക് 120 രൂപ നിരക്കിലും ( ഒരു വാർഡിൽ പരമാവധി 20 പേർക്ക്) ഒരു റിസോഴ്സ് പേഴ്സണ് 1150 രൂപ നിരക്കിലും (ഒരു ബാച്ചിനു പരമാവധി 2 പേർ) തനത് ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്. ചെലവ് രേഖകൾ കിലക്ക് നൽകുന്ന മുറക്ക് ചെലവ് തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കില അനുവദിച്ച് നൽകുന്നതാണ്.

ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിന് 3.2.2020, 4.2.2020 എന്നീ തിയ്യതികളിൽ പരിശീലനം നടത്തിയതിനു വൗച്ചർ നമ്പർ 21900687/7.2.2020 പ്രകാരം 4600 രൂപയും വൗച്ചർ നമ്പർ 21900692/14.2.2020 പ്രകാരം 25200 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പരിശീലനത്തിനു വേണ്ടി ചെലവഴിച്ച തുക കിലയിൽനിന്ന് ലഭ്യമായിട്ടുണ്ടോ , ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( നമ്പർ 5/24.12.2021(2019-20)ക്ക് മറുപടി ലഭ്യമായിട്ടില്ല. പരിശീലനത്തിന് വേണ്ടി വിനിയോഗിച്ച തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.

13.09.2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അൽഅമീൻ ന്യൂട്രിമിക്സ് യൂണിറ്റ്, കല്ലാമൂലപാലം.പി.ഒ, മമ്പാട്ടുമൂല എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാര പരിപാടി [32/20] | ചെക്ക് നമ്പർ. 2057666 തി. 05.11.2019 | 17/23.10.2019 | 2,00,237 |
| | | ബിൽ നമ്പർ. 19151352029100613826 തി. 25.09.2019 | 71/26.08.2019 | 202458 |
| | | | 72/26.09.2019 | 169517 |
| | | ബിൽ നമ്പർ. 19151352029100466936 തി. 19.08.2019 | 56/10.07.2019 | 213932 |
| | | | 57/17.08.2019 | 186172 |
| | | ബിൽ നമ്പർ. 19151352029100282432 തി. 28.06.2019 | ഇല്ല/05.04.2019 | 123621 |
| | | | ഇല്ല | 118810 |
| | | ചെക്ക് നമ്പർ. 3043613 തി. 27.03.2020 | 28/02.03.2020 | 126064 |
| | | | 26/01.02.2020 | 75061 |
| | | | 21/22.12.2019 | 118069 |
| | | ചെക്ക് നമ്പർ. 2057692 തി. 16.03.2020 | 23/03.01.2020 | 107336 |
| | | | 22/22.12.2019 | 45412 |
| 2 | അങ്കണവാടി പോഷകാഹാര പരിപാടി – പട്ടികവർഗ്ഗം [34/20] | ബിൽ നമ്പർ. 19151352029100853265 തി. 22.11.2019 | 20/21.11.2019 | 99933 |
| ആകെ | | | | 1786622 |

അപാകതയ്ക്ക് കാരണം വിശദമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ. 10(2019-20)/29.12.2021 – മറുപടി ലഭ്യമാക്കിയില്ല)

## 1-15 Extra ഇനത്തിന് അധിക നിരക്ക് നൽകി; 11950 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: ബഡ്സ് സ്കൂൾ നിർമാണം , 191/20.

അടങ്കൽ: 1000000 രൂപ ( തനത് ഫണ്ട്: 3 ലക്ഷം, വി.ഫ. (G): 7 ലക്ഷം )

കരാറുകാരൻ: ശ്രീ മമ്മത് K

കരാർ: 66AE/LSGD/CKD/17-18/27-2-18 (9.63% Below ER)

കരാർ തുക: 902195 രൂപ

അളവ് പുസ്തകം: 06/19-20, 07/19-20

DSR 2016, Cost Index 37.25%

ചെലവ്: 914187രൂപ

ബിൽ നംപർ 30/19-20/13-12-19; 700000 രൂപ)

(ചെക്ക് നംപർ 2057685/15-2-20; 27000 രൂപ)

(ചെക്ക് നംപർ 3043614/25-3-20; 187187 രൂപ)

മൂല്യനിർണ്ണയം: 914187

(-) Part Bill: 727000

ബാക്കി: 187187

(-) IT 1% : 1872

WF 1%: 1872

Sgst 1872

Cgst 1872

പിഴ: 9142

കരാറുകാരന്: 170557

E-Tender മുഖേന നിർവ്വഹണം നടത്തിയ മേൽ പ്രവത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മൂന്ന് ഇനം പ്രവൃത്തി കൾ Extra Item ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ബി ല്ലിലെ മേൽ ഇനങ്ങളുടെ നിരക്ക് തിരുത്തി കൂടിയ നിരക്ക് ഉൾപ്പെടുത്തിയാണ് RE അംഗീകരി ച്ചിട്ടുള്ളത്. മാത്രമല്ല ആയതിൽ ഒരിനത്തിന് ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ തുക നൽകുകയും ചെയ്തിട്ടുണ്ട് . ഇപ്രകാരം അധിക നിരക്ക് നൽകിയത് വഴി 11959 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട് . വിശദാംശം ഭാഗം 3 ൽ കൊടുത്തിട്ടുണ്ട്

## 1-16 Quoted നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് നൽകി; 18054 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: പഞ്ചായത്ത് ഓഫീസിലേക്ക് റെക്കോർഡ് റൂം , 220/20.

അടങ്കൽ: 530000 രൂപ ( തനത് ഫണ്ട് )

കരാറുകാരൻ: ശ്രീ നിസാം പി വി

കരാർ: 80AE/LSGD/CKD/18-19/15-12-18

കരാർ തുക: 445770 രൂപ

അളവ് പുസ്തകം: 04/19-20

ചെലവ്: 445770രൂപ

(വൗച്ചർ നംപർ 30/19-20/6-11-19)

E-Tender മുഖേന നിർവ്വഹണം നടത്തിയ മേൽ പ്രവത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ, ഓരോ ഇനത്തിനും കരാറുകാരൻ Quote ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് ഉൾപ്പെടുത്തിയാണ് ബിൽ യ്യാറാക്കിയത് . ഇപ്രകാരം ബിൽ യ്യാറാക്കിയതിന് ശേഷം മൊത്തം കരാർ തുകയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക നൽകുകയാണ് ചെയ്തത്. ആയത് പ്രകാരം കരാറുകാരന് 18054 രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശം ഭാഗം 3 ൽ കൊടുത്തിട്ടുണ്ട്.

## 1-17 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാനുലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന്

നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നംപർ 2/22-12-21/ മറുപടി ലഭ്യമാക്കിയിട്ടില്ല)

വിശദാംശം താഴെ ഉപ ഖണ്ഡികയായി കൊടുക്കുന്നു.

### 1-17- 1 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് അധികസൗകര്യം 187/20

അടങ്കൽ: 300000 രൂപ (വികസനഫണ്ട്- ജനറൽ)

കരാറുകാരൻ: ശ്രീ അബ്ദുൾ റസാക് E

കരാർ: 62/AE/LSGD/CKD/17/17-18/17-1-18

കരാർ തുക: 294727 രൂപ

പ്രവത്തി സ്ഥലം കൈമാറിയത്: 17-1-18

അളവ് പുസ്തകം: 63/17-18, 80/18-19

ചെലവ്: 253981 രൂപ

1/18-19/17-5-18: 135043 രൂപ

8/19-20/6-5-19: 118761 രൂപ (118938 രൂപയാണ് നൽകേണ്ടതെങ്കിലും 118761 രൂപയാണ് നൽകിയത്. 177 രൂപ കുറവായി നൽകിയത് ക്രമീകരിക്കേണ്ടതാണ്).

മൂല്യനിർണ്ണയം: 253981

(-) Part Bill: 135043

ബാക്കി: 118938

നൽകിയത്: 118761

(-) IT 1% : 1188

WF 1%: 1188

Sgst 1188

Cgst 1188

കരാറുകാരന്: 114009 രൂപ

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ട തീയതി: 16-7-18

പൂർത്തീകരിച്ച തീയതി: 25-3-19 (അളവ് പുസ്തകം പേജ് 43, 63/17-18)

(16-7-18 ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി 25-3-19 ൽ ആണ് പൂർത്തിയാക്കുന്നത്. കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

17-7-18 1% 16-10-18 Of PAC= 2947.27 രൂപ

17-10-18 To 16-1-19 2% Of PAC= 5894.54 രൂപ

17-1-19 To 25-3-19(68 Days) 2% Of PAC 5894.54 X68/90= 4453.65

ആകെ 13295.00 രൂപ.

## 1-17-2 പ്രവൃത്തി: ബഡ്സ് സ്കൂൾ നിർമാണം, 191/20.

അടങ്കൽ: 1000000 രൂപ ( തനത് ഫണ്ട്: 3 ലക്ഷം, വി.ഫ. (G): 7 ലക്ഷം )

കരാറുകാരൻ: ശ്രീ മമ്മത് K

കരാർ: 66AE/LSGD/CKD/17-18/27-2-18 (9.63% Below ER)

പ്രവത്തി സ്ഥലം കൈമാറിയത്: 2-11-18

കരാർ തുക: 902195 രൂപ

അളവ് പുസ്തകം: 06/19-20, 07/19-20

ചെലവ്: 914187രൂപ

ബിൽ നംപർ 30/19-20/13-12-19; 700000 രൂപ)

(ചെക്ക് നംപർ 2057685/15-2-20; 27000 രൂപ)

(ചെക്ക് നംപർ 3043614/25-3-20; 187187 രൂപ)

മൂല്യനിർണ്ണയം: 914187

(-) Part Bill: 727000

ബാക്കി: 187187

(-) IT 1% : 1872

WF 1%: 1872

Sgst 1872

Cgst 1872

പിഴ: 9142

കരാറുകാരന്: 170557

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ട തീയതി: 1-5-19

പൂർത്തീകരിച്ച തീയതി: 10-1-20 (അളവ് പുസ്തകം പേജ് 26, 7/19-20)

അളവ് പുസ്തകം 7/19-20, പേജ് 26 ൽ അവസാന അളവെടുത്ത തീയതി തിരുത്തിയിട്ടുണ്ട്. അളവ് പുസ്തകം 7/19-20, പേജ് 21 ൽ, അളവെടുത്ത തീയതി 10-1-20 എന്നുള്ളത് തിരുത്തി 28-9-19 എന്നാക്കിയത് വ്യക്തമായി കാണാവുന്നതാണ്. എന്നാൽ CC Final ബില്ലിൽ അവസാന അളവെടുത്ത തീയതി 23-1-20 എന്ന് രേഖപ്പെടുത്തുകയും അസിസ്റ്റന്റ് എഞ്ചിനീയർ ആയത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അളവെടുത്ത തീയതി അളവ് പുസ്തകത്തിൽ പല സ്ഥലങ്ങളിലും തിരുത്തൽ വരുത്തിയിട്ടുണ്ട്. ഇപ്രകാരം തിരുത്തൽ വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

( 01-05-19 ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി 10-1-20 ൽ ആണ് പൂർത്തിയാക്കുന്നത്. കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

2-5-19 To 1-8-19-19 1% Of PAC= 9021.95 രൂപ

2-8-19 To 1-11-19 2% Of PAC= 18043.90 രൂപ

2-11-19 To 10-1-20(70 Days) 2% Of PAC, 18043.90 X 70/90= 14034.14 രൂപ

ആകെ 41099.99 le.. 41100 രൂപ.

ഈടാക്കിയത്: 9142.00 രൂപ.

ബാക്കി: 31958.00 രൂപ .

മറ്റു അപാകത:

1) മേൽ പ്രവത്തിയുടെ കരാർ വെച്ചത് 27-2-18 നാണ്. എന്നാൽ പ്രവത്തി സ്ഥലം കൈമാറിയത് 2-11-18 ന് മാത്രമാണ്. 27-2-18 ന് കരാർ വെച്ചിട്ടും 8 മാസത്തിലധികം വൈകി മാത്രം പ്രവത്തി സ്ഥലം കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-18 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | നൽകിയ തുക |
|---|---|---|---|---|
| 1 | മഞ്ഞപ്പെട്ടി അംഗനവാടി കുഴൽ കിണർ റിപ്പയർ 195/20<br>കരാറുകാരൻ: സുബ്രമണ്യൻ കെ<br>അടങ്കൽ. 40000 രൂപ. (MG-NR)<br>അളവ് പുസ്തകം 85/18-19 | 1 | കുഴൽ കിണറിൽ നിന്ന് എടുത്ത് മാറ്റിയ നിലവിലുള്ള പമ്പ് സെറ്റ് | ബിൽ 31/19-20 /10-12-19<br>38218 രൂപ |
| 2 | ഗ്രാമ പഞ്ചായത്ത് ഓഫീസ് ഗേറ്റ് മാറ്റി സ്ഥാപിക്കൽ 221/20<br>കരാറുകാരൻ. മുജീബ് റഹ്മാൻ<br>അടങ്കൽ. 50000 രൂപ. (വി. ഫണ്ട് G)<br>അളവ് പുസ്തകം 48/19-20 | 1 | നിലവിലുള്ള ഗേറ്റ് | 33/19-20 /13-12-19<br>43898രൂപ. |

മേൽ ഇനങ്ങളുടെ വിനിയോഗ/ലേല വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/30-12-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഇനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാർ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/30-12-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യാൻ നടപടി സ്വീകരിച്ച് അക്കാര്യം അറിയിക്കേണ്ടതുമാണ്.

## 1-20 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ Online Transaction

വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി Zero Balance Account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , ചോക്കാട് ഗ്രാമപഞ്ചായത്ത് 2019-20, 20-21 വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ക്രഡിറ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങാൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ചിട്ടുമില്ല. ആയതിന് വിശദീകരണം നൽകേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 15/30-12-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും തുടർ നടപടിവിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 Extra ഇനത്തിന് അധിക നിരക്ക് നൽകി; 11950 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: ബഡ്സ് സ്കൂൾ നിർമാണം , 191/20.

അടങ്കൽ: 1000000 രൂപ ( തനത് ഫണ്ട്: 3 ലക്ഷം, വികസന ഫണ്ട് (G): 7 ലക്ഷം )

കരാറുകാരൻ: ശ്രീ മമ്മത് K

കരാർ: 66AE/LSGD/CKD/17-18/27-2-18 (9.63% Below ER)

കരാർ തുക: 902195 രൂപ

അളവ് പുസ്തകം: 06/19-20, 07/19-20

DSR 2016, Cost Index 37.25%

ചെലവ്: 914187രൂപ

ബിൽ നംപർ 30/19-20/13-12-19; 700000 രൂപ)

(ചെക്ക് നംപർ 2057685/15-2-20; 27000 രൂപ)

(ചെക്ക് നംപർ 3043614/25-3-20; 187187 രൂപ)

മൂല്യനിർണ്ണയം: 914187

(-) Part Bill: 727000

ബാക്കി: 187187

(-) IT 1% : 1872

WF 1%: 1872

Sgst 1872

Cgst 1872

പിഴ: 9142

കരാറുകാരന്: 170557

E-Tender മുഖേന നിർവ്വഹണം നടത്തിയ മേൽ പ്രവത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മൂന്ന് ഇനം പ്രവൃത്തി കൾ Extra Item ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ബി ല്ലിലെ മേൽ ഇനങ്ങളുടെ നിരക്ക് തിരുത്തി കൂടിയ നിരക്ക് ഉൾപ്പെടുത്തിയാണ് RE അംഗീകരി ച്ചിട്ടുള്ളത്. മാത്രമല്ല ആയതിൽ

ഒരിനത്തിന് ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ തുക നൽകുകയും ചെയ്തിട്ടുണ്ട്. 2012 ലെ PWD മാന്വൽ സെക്ഷൻ 2001.5 പ്രകാരം എക്സ്ട്രാ ഇനം പ്രവൃത്തികൾക്ക് ടെൻഡർ കുറവ് ബാധകമായതിനാൽ അധിക നിരക്ക് നൽകിയത് വഴി 11950 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട് . വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | എസ്റ്റിമേറ്റ് നിരക്ക് | തിരുത്തിയ നിരക്ക് | നൽകിയ തുക (രൂപയിൽ) | നൽകാവുന്ന തുക (9.63% Below ER) (രൂപയിൽ) | അധികം നൽകിയ തുക (രൂപയിൽ) |
|---|---|---|---|---|---|---|
| 1 | 50-13-1: 9mm Cement Plaster | 221.80/m2 | 253.99/m2 | 229.53 X 55.19m2 = 12667.76 | 200.44 X 55.19m2 = 11062.28 | 1605.48 |
| 2 | 10-16-1: Steel Work | 123.87/kg | 128.19/kg | 128.19 X 15.62kg= 2002.32 | 111.94 X 15.62kg= 1748.50 | 254 |
| 3 | 16-6-8: 60 Mm Paver Block | 845.05/m2 | 967.76/m2 | 874.56 X 91.00m2 = 79584.96 | 763.67 X 91.00m2 = 69493.97 | 10090.99 |
| | | | | | ആകെ | 11950 |

മേൽ പ്രകാരം അധികം നൽകിയ 11950 രൂപ (Rounded) ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നീടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 8/27-12-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 11950 രൂപ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്.

## 3-2 Quoted നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് നൽകി; 18054 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: പഞ്ചായത്ത് ഓഫീസിലേക്ക് റെക്കോർഡ് റൂം , 157/19,220/20.

അടങ്കൽ: 530000 രൂപ ( തനത് ഫണ്ട് )

കരാറുകാരൻ: ശ്രീ നിസാം പി വി

കരാർ: 80AE/LSGD/CKD/18-19/15-12-18

കരാർ തുക: 445770 രൂപ

അളവ് പുസ്തകം: 04/19-20

ചെലവ്: 445770രൂപ

(വൗച്ചർ നംപർ 30/19-20/6-11-19)

മൂല്യനിർണ്ണയം: 508515.23

Ltd To PAC: 445770

(-) IT 1% : 4458

WF 1%: 4458

Sgst 4458

Cgst 4458

കരാറുകാരന്: 427938

E-Tender മുഖേന നിർവ്വഹണം നടത്തിയ മേൽ പ്രവത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ, ഓരോ ഇനത്തിനും കരാറുകാരൻ Quote ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് ഉൾപ്പെടുത്തിയാണ് ബിൽ യ്യാറാക്കിയത് . ഇപ്രകാരം ബിൽ യ്യാറാക്കിയതിന് ശേഷം മൊത്തം കരാർ തുകയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക നൽകുകയാണ് ചെയ്തത്. ആയത് പ്രകാരം കരാറുകാരന് 18054 രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ചെയ്ത അളവ് | കരാറുകാരൻ Quote ചെയ്ത നിരക്ക് | നൽകാവുന്ന തുക |
|---|---|---|---|
| 1 | 2.48 M3 | 8249.18/m3 | 20457.96 |
| 2 | 31.01 M2 | 540.09/m2 | 16748.19 |
| 3 | 0.33m3 | 1679.15/m3 | 554.11 |
| 4 | 10.325 M2 | 8532.01/m2 | 88093.00 |
| 4 | 40.80 M2 | 487.51/m2 | 19890.40 |
| 5 | 32.52 M2 | 395.85/m2 | 12873.04 |
| 6 | 1161.56 Kg | 65.34/kg | 75896.33 |
| 7 | 8.86 M3 | 5743.12/m3 | 50884.04 |
| 8 | 47.80 M2 | 199.65/m2 | 9543.27 |
| 9 | 58.10 M2 | 186.56/m2 | 10839.13 |
| 10 | 110.72 M2 | 20.30/m2 | 2247.61 |
| 11 | 110.72 M2 | 110.88/m2 | 12276.63 |
| 12 | 0.26 M3 | 85667.72/m3 | 22273.60 |
| 13 | 3.37 M2 | 2415.53/m2 | 8140.33 |
| 14 | 39.52 Kg | 71.34/kg | 2819.35 |
| 15 | 5.07 M2 | 1158.97/m2 | 5875.97 |
| 16 | 50.30 M2 | 1292.25/m2 | 65000.17 |
| 17 | 2.52 M2 | 1310.48/m2 | 3302.40 |
| | | ആകെ | 427715.53 |
| | | നൽകിയത് | 445770.00 |
| | | അധികം | 18054.47 |

മേൽ പ്രകാരം അധികം നൽകിയ 18054/ രൂപ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നീടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 3/23-12-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 18054/ രൂപ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 23.12.2021 മുതൽ 24.12.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 160055 | സമഗ്ര നെൽകൃഷി വികസനം (9/20) | 160055 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 350931 | ലൈഫ് ഭവന പദ്ധതി-എസ്.സി (234/20) | 350931 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 575000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – | 575000 | 0 |

| | | | | |
|---|---|---|---|---|
| | | (121/20) | | |
| ജില്ലാ പഞ്ചായത്ത് | 484750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – (121/20) | 484750 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | GO(MS)68/2018 /LSGD/ 18.05.18 | 1668657 | 15848746 | 1317570 | 0 | 16199833 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 1,800/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2011-12 2012-13 | 2-2 | 900 | ശ്രീ.ഹൈദർ അലി ഖാൻ, ടി.ടി.എം ഔഷധശാല, പുല്ലങ്കോട് | 119070100148 തി.06.05.2019 |
| 2011-12 2012-13 | 2-2 | 900 | ശ്രീ.ഹൈദർ അലി ഖാൻ, ടി.ടി.എം ഔഷധശാല, പുല്ലങ്കോട് | 119070100149 തി.06.05.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66815291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66919965 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30004 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11950 | ശ്രീമതി.താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-2 | | 18054 | ശ്രീമതി.താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. |
| ആകെ | | 30004 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, തിരുവനന്തപുരം. | അറഫ മൻസിൽ, കടവൂർ (പി.ഒ), അലിയാർ കോണം, തിരുനവനന്തപുരം-695036. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 1 |
| 2002-03 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 8 |
| 2003-04 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 14 |
| 2004-05 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 20 |
| 2005-06 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 10 |
| 2007-08 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 11 |
| 2008-09 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 4 |
| 2009-10 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 17 |
| 2010-11 | എൽ.എഫ്.എം.6/916/2012 തി.13.07.2012 | 23 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.6/1526/15 തി.16.02.2016 | 23 |
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.26/2111/16 തി.04.03.17 | 8 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.26/3448/16 തി.19.04.18 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.26/1948/17 തി.07.05.18 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.26/47/19 തി.31.08.19 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.26/210/20 തി.03.11.20 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്